# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3233.

19-06-2019 ൽ മറുപടിയ്ക്ക്

## ആത്മയിലെ ജീവനക്കാരുടെ ശമ്പളം

**ചോദ്യം**

ശ്രീ.ടി.വി.ഇബ്രാഹിം

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൃഷി വകുപ്പിലെ വിജ്ഞാനവ്യാപന വിഭാഗമായ ആത്മയിൽ ജീവനക്കാർക്ക് മാസങ്ങളായി ശമ്പളം ലഭിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ആത്മ ജീവനക്കാർക്ക് ശമ്പള കടിശ്ശിക ഉണ്ടായിരുന്നെങ്കിലും അത് പരിഹരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശമ്പളം മാറുന്നതിനും ആത്മയുടെ മറ്റ് ഘടകങ്ങൾ നടപ്പിലാക്കുന്നതിനുമായി മെയ് 2019 ആദ്യ വാരം 454.5 ലക്ഷം രൂപ ജില്ലകൾക്കും പരിശീലനകേന്ദ്രമായ SAMETI യ്ക്കും നൽകുകയുണ്ടായി. |
| (ബി) | കേന്ദ്രസർക്കാർ, ഈ വിഭാഗം ജീവനക്കാർക്ക് വർദ്ധിപ്പിച്ച ശമ്പളം സംസ്ഥാനത്ത് അനുവദിച്ചിട്ടുണ്ടോ; | (ബി) | ആത്മയിലെ താല്ക്കാലിക ജീവനക്കാരായ അസിസ്റ്റന്റ് ടെക്നോളജി മാനേജർ(ATM), ബ്ളോക്ക് ടെക്നോളജി മാനേജർ (BTM) എന്നീ വിഭാഗം ജീവനക്കാർക്കാണ് കേന്ദ്ര സർക്കാർ ശമ്പളം വർദ്ധിപ്പിച്ചത്. വർദ്ധിപ്പിച്ച ശമ്പളം സംസ്ഥാനത്ത് അനുവദിക്കുന്നതിനായി ആത്മയുടെ Inter Departmental working Group (IDWG) യോഗത്തിൽ ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ ശമ്പള വർദ്ധനവിനുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കാൻ കൃഷി വകുപ്പ് ഡയറക്ടറോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ആയത് ലഭ്യമാക്കി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ജീവനക്കാർക്ക് ലഭിക്കാനുള്ള ശമ്പളം എന്നത്തേക്ക് നൽകുമെന്ന് അറിയിക്കുമോ? | (സി) | ശമ്പളം, മറ്റ് ഘടകങ്ങൾ എന്നിവയ്ക്കായി 454.5 ലക്ഷം രൂപ നൽകി കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ